**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5156** **21-07-2022 - ൽ മറുപടിയ്ക്ക്**

**നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേര സംഭരണം കൃത്യമായി നടക്കാത്തതുമൂലം കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ചില ജില്ലകളിൽ നാളികേരത്തിന്റെ മാർക്കറ്റ് വില സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണ വിലയേക്കാൾ കുറഞ്ഞതിനെ തുടർന്ന് കർഷകർക്ക് ന്യായ വില ലഭ്യമാക്കാൻ കിലോഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമായി നടന്നു വരുന്നു.<br><br>ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ് , കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചു വരുന്നത്.<br><br>പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്.<br><br>കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം |

| | | | |
|---|---|---|---|
| | | | നടത്തുന്നത്.സംഭരിക്കുന്ന പച്ചത്തേങ്ങയുടെ വില കർഷകർക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ